**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2799**

**18.06.2018-ന് മറുപടി നൽകേണ്ടിയിരുന്നത്.**

**ശിവപുരം സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിന് കമ്പ്യൂട്ടർ ലാബ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ബാലുശ്ശേരി മണ്ഡലത്തിലെ ശിവപുരം സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിന് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും കമ്പ്യൂട്ടർ ലാബ് അനുവദിച്ചിട്ടും അത് സ്ഥാപിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ബാലുശ്ശേരി നിയോജകമണ്ഡലം എം.എൽ.എ ശ്രീ.പുരുഷൻ കടലുണ്ടിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2015-16 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ നിന്നും പ്രസ്തുത മണ്ഡലത്തിലെ ശിവപുരം ഹയർ സെക്കണ്ടറി സ്കൂളിൽ കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കൽ എന്ന പ്രവൃത്തി 'കൈറ്റ്' മുഖേന നടപ്പിലാക്കുന്നതിന്, 10/01/2018-ലെ സ.ഉ(സാ)173/2018/ പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ഉത്തരവ് നൽകിയിരുന്നു.<br>എന്നാൽ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് മേഖലയിലുള്ള എല്ലാ ഹൈസ്കൂളുകളും, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളും ഹൈ -ടെക് ആക്കുന്നതിന് കിഫ്ബി പദ്ധതി പ്രകാരം അംഗീകാരം നൽകുകയും, ആയത് പ്രകാരം ശിവപുരം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലും ആവശ്യമായ ലാബ് സൗകര്യം 'കൈറ്റ്' മുഖേന അനുവദിച്ച് നൽകിയിട്ടുണ്ട്. |

ബഹു.എം.എൽ.എ യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2015-16 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൽ നിന്ന് 25 ലക്ഷം രൂപയ്ക്ക് നൽകിയ ഭരണാനുമതി പിൻവലിച്ച് 15 ലക്ഷം രൂപ ബാലുശ്ശേരി മണ്ഡലത്തിലെ നടുവണ്ണൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ചുറ്റുമതിൽ, ഗേറ്റ് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കും, 10 ലക്ഷം രൂപ പനങ്ങാട് പഞ്ചായത്തിലെ പുളുക്കടിമുക്ക് പോപ്പറ്റത്താഴെ റോഡിനും വിനിയോഗിക്കുവാൻ 14/08/2019-ലെ സ.ഉ(സാ)6493/2019/ധന നമ്പർ ഉത്തരവ് പ്രകാരം ധനകാര്യ (നോഡൽ സെന്റർ-സി) വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയ ഉത്തരവ് റദ്ദ് ചെയ്ത് 19/11/2019 -ൽ സ.ഉ(സാ) 4944/19/പൊ.വി.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ശിവപുരം ഹയർ സെക്കണ്ടറി സ്കൂളിന് കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുന്നതിനുള്ള തടസ്സം എന്താണെന്നറിയിക്കാമോ; ഇത് സംബന്ധിച്ച് കയ്റ്റ് (കെ.ഐ.റ്റി.ഇ) സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കാമോ? | (ബി) | ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ശിവപുരം ഗവ. ഹയർസെക്കന്ററി സ്കൂളിൽ ആകെയുള്ള 8 ക്ലാസ് മുറികളും ഹൈടെക് ആക്കുന്നതിനുള്ള ഉപകരണങ്ങൾ കൈറ്റ് സ്കൂളിന് ലഭ്യമാക്കിയിട്ടുണ്ട്. കമ്പ്യൂട്ടർ ലാബ് സജ്ജമാക്കുന്നതിനുള്ള ലാപ് ടോപ്പുകളും ലഭ്യമാക്കിയിട്ടുണ്ട്. |

Namitha .P

**സെക്ഷൻ ഓഫീസർ.**